**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5180** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021 സെപ്തംബറിലെ വിജ്ഞാപന പ്രകാരം നടന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ് ) ടൈപ്പ് റൈറ്റിംഗ് പരീക്ഷാർത്ഥികൾക്ക് പരീക്ഷയ്ക്ക് ശേഷം ചോദ്യപേപ്പർ കൊണ്ടുപോകുന്നതിന് അനുവാദമുണ്ടായിരുന്നോ; എങ്കിൽ ഏതെല്ലാം പരീക്ഷാ സെന്ററുകളിലാണ് ചോദ്യപേപ്പർ കൊടുത്തുവിട്ടതെന്നും ഏതെല്ലാം പരീക്ഷാ സെന്ററുകളിൽ ഇതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും പറയാമോ; | (എ) | ഉണ്ട്. പരീക്ഷ നടത്തിയ 38 ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകിയ റിപ്പോർട്ട് പ്രകാരം 30 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് ചോദ്യപേപ്പർ കൊടുത്തിട്ടുണ്ട്. കാഞ്ഞങ്ങാട്, തൊടുപുഴ, ചാവക്കാട്, കോട്ടയം, ചേർത്തല, ആലപ്പുഴ, വയനാട് എന്നീ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങളിലെ കുട്ടികൾക്കും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലെ ഒരു പരീക്ഷാ കേന്ദ്രത്തിലെ കുട്ടികൾക്കും ചോദ്യപേപ്പർ നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിലെ പരീക്ഷയെ സംബന്ധിക്കുന്ന പതിനാലാമത്തെ നിർദ്ദേശത്തിൽ പരീക്ഷയ്ക്കുശേഷം ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് കൊണ്ടുപോകാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു പരീക്ഷാ സെന്ററിലും ഇത് പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം അടുത്ത പരീക്ഷ മുതൽ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ കെ.ജി.റ്റി.ഇ പരീക്ഷ നടത്തുന്ന 38 ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം പരിശോധിച്ചതിൽ 30 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാകേന്ദ്രങ്ങളിലും ആവശ്യപ്പെട്ട കുട്ടികൾക്ക് ചോദ്യപേപ്പർ നൽകിയിട്ടുണ്ട്. പരീക്ഷയുടെ രഹസ്യ സ്വഭാവം കണക്കിലെടുത്തു കൊണ്ട് എല്ലാ ബാച്ചുകളുടെയും പരീക്ഷ തീരുന്ന മുറയ്ക്ക് ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് തിരികെ നൽകുവാൻ നിർദ്ദേശം നൽകുന്നതാണ്. |
| (സി) | ചില പരീക്ഷാ സെന്ററുകളിൽ ടൈപ്പ് റൈറ്റിംഗ് അസോസിയേഷൻ ഭാരവാഹികൾ എന്ന നിലയിൽ ചോദ്യപേപ്പറുകൾ മുഴുവനായി ചില വ്യക്തികൾക്ക് കൈമാറിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സെന്ററുകളിലാണ് ഇപ്രകാരം ചോദ്യപേപ്പർ കൈമാറിയതെന്ന് പരിശോധിക്കുമോ; തെറ്റായ പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യുന്ന സ്ഥാപന മേധാവികൾ വിദ്യാർത്ഥികൾക്കുവേണ്ടി ചോദ്യപേപ്പർ കൈപ്പറ്റിയിട്ടുണ്ട്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള ഓരോ പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ ഇൻസ്റ്റിറ്റ്യൂട്ടിനും സെന്റർ ഭാരവാഹികൾക്കും കൊടുത്തിട്ടുണ്ട്. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള പരീക്ഷാ കേന്ദ്രത്തിൽ ഭാരവാഹികൾക്കു ചോദ്യപേപ്പറിന്റെ ഒരു പകർപ്പ് നൽകിയിട്ടുണ്ട്. ഒരു പേപ്പറിന്റെ എല്ലാ ബാച്ചുകളുടെയും പരീക്ഷ അവസാനിക്കുന്ന ദിവസം പരീക്ഷാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | മാത്രമായി ചോദ്യപേപ്പർ കൊടുക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്. |
| (ഡി) | പരീക്ഷ കഴിഞ്ഞാൽ ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് കൊണ്ടുപോകാവുന്നതാണെന്ന പ്രസ്തുത പരീക്ഷാ വിജ്ഞാപനത്തിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ഇൻവിജിലേറ്റർമാർക്കും പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാർക്കും മാർഗ്ഗനിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | എല്ലാ പരീക്ഷകളും അവസാനിക്കുന്ന മുറയ്ക്ക് പരീക്ഷകളുടെ ചോദ്യപേപ്പർ പരീക്ഷാഭവന്റെ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന സംവിധാനം നടപ്പിൽ വരുത്തുകയും പരീക്ഷയുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ പരീക്ഷയുടെ അടുത്ത നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ